അയിഷയുടെ മരണം

155 (157) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ എടവക പഞ്ചായത്തിലെ കമ്മോത്തുകുറ്റിയിൽ അയിഷയുടെ മരണം കൊലപാതകമാണെന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോൾ ഏത് ഏജൻസിയാണ് കേസ് അന്വേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനപോലീസിന്റെ അന്വേഷണത്തിൽ ഇതുവരെയായി പ്രതികളെ കണ്ടുപിടിക്കാൻ കഴിയാത്തതിനാൽ കേസ് അന്വേഷണം സി.ബി.ഐ. യെ ഏൽപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരമേഖലാ ഐ.ജി. യുടെ മേൽനോട്ടത്തിൽ മാനന്തവാടി ഡിവൈ.എസ്.പി. കേസന്വേഷണം നടത്തിവരുന്നു.

(സി) കേസന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

നീതുവിന്റെ മരണം

156 (158) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരത്ത് നീതു എന്ന കുട്ടി ബോംബ് സ്ഫോടനത്തിൽ മരിക്കാനിടയായ സംഭവത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം എന്ത് ;

(സി) നാദാപുരം ദേശത്തുതന്നെ വീട്ടമ്മയും മകളും മാനഭംഗപ്പെട്ടതായ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തുവോ ;

(ഡി) ഈ സംഭവത്തിൽ പ്രതികളുടെ പേര് വ്യക്തമായി രേഖപ്പെടുത്തിയിട്ടും പ്രതികളെ അറസ്റ്റ് ചെയ്യാതിരിക്കാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

(ഇ) കേസ്സുകൾ ക്രൈ ബ്രാഞ്ചിന് വിട്ടോ ; ഇല്ലെങ്കിൽ കാരണം എന്താണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly